# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :396 18.12.2014-ൽ മറുപടിയ്ക്ക്

## ഹാരിസൺ മലയാളം കമ്പനിയുടെ ഭൂമി കയ്യേറ്റം

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീമതി.കെ.എസ്.സലീഖ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം കമ്പനിക്ക് വ്യാജരേഖ ചമച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ സഹായം നൽകിയത് സംബന്ധിച്ച റിപ്പോർട്ട് റവന്യൂ വകുപ്പിന് ലഭിച്ചിരുന്നുവോ; വിശദാംശം നല്കാമോ; | (എ)യും (ബി)യും<br>റവന്യൂ വകുപ്പിലെ ചില മുൻ ഉദ്യോഗസ്ഥരുടെ സഹായം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സാക്ഷ്യപ്പെടുത്തിയ റെക്കോർഡുകൾ അല്ലാത്തതിനാൽ അവ തയ്യാറാക്കിയത് ആരെന്നോ, എപ്പോഴെന്നോ അറിയുന്നതിന് നിവൃത്തിയില്ല. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിൻ പ്രകാരം സബ് രജിസ്ട്രാർമാരായ ശ്രീമതി റ്റി.ജെ.മറിയാമ്മ, ശ്രീ.പി.എസ്.ശ്രീകുമാർ, ശ്രീ.വിജയകുമാർ, ശ്രീ.ഗോപിനാഥൻ നായർ എന്നിവർക്കെതിരെ വിജിലൻസ് കേസ് ഫയൽ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഇതിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | |
| (സി) | കുറ്റാരോപിതരായ ഉദ്യോഗസ്ഥർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാം ഏതൊക്കെ തസ്തികകളിലാണെന്ന് അറിയിക്കാമോ; | ശ്രീ.വിജയകുമാർ കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ) ആയി സേവനം അനുഷ്ഠിക്കുന്നുണ്ട്. ബാക്കി മൂന്ന് പേരും സർവീസിൽ നിന്ന് വിരമിച്ചവരാണ്. |

| | | |
|---|---|---|
| (ഡി) | ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും ഹാരിസൺ കമ്പനിയുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ? | കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29,185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു.ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C)33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29,185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20.01.2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

C.L.V. Kunny

**സെക്ഷൻ ഓഫീസർ**